No.20/17/SRG/CC

കുറിപ്പ്

1. **27.07.2017ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം 2017–18 വാർഷിക പദ്ധതി ഭേദഗതി – അംഗീകാര നടപടിക്രമങ്ങൾ**

   വാർഷിക പദ്ധതി അംഗീകാര സമയത്ത് ജില്ലാ ആസൂത്രണ സമിതി നിർദ്ദേശിച്ച ഭേദഗതികൾ സാദ്ധ്യമാക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ സുലേഖ സോഫ്ട് വെയറിൽ വരുത്തി വിന്യസിച്ചിട്ടുണ്ട്. 2017–18 വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന ഭേദഗതികൾ മാത്രമേ നടത്താൻ പാടുള്ളൂവെന്ന് 27.07.2017–ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചു.

(i) ജില്ലാ ആസൂത്രണസമിതി നിരസിച്ച പ്രോജക്ടുകൾക്ക് പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കൽ

(ii) ജില്ലാ ആസൂത്രണസമിതി ഭേദഗതി നിർദ്ദേശിച്ച പ്രോജക്ടുകൾ ഭേദഗതി ചെയ്യുകയോ പകരം പ്രോജക്ട് ഏറ്റെടുക്കുകയോ ചെയ്യൽ

(iii) വെറ്റിംഗ് ഓഫീസർ/ജില്ലാതല വിദഗദ്ധ സമിതി നിരസിച്ച പ്രോജക്ടുകൾക്ക് പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കൽ.

(iv) വെറ്റിംഗ് ഓഫീസർ/ജില്ലാതല വിദഗ്ധ സമിതി നിർദ്ദേശിച്ച പ്രോജക്ടുകൾ ഭേദഗതി ചെയ്യുകയോ പകരം പ്രോജക്ട് ഏറ്റെടുക്കുകയോ ചെയ്യൽ

(v) 2016–17 ന് മുമ്പുള്ള സ്പിൽഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ 2017–18–ലെ ബജറ്റ് വിഹിതം/ തനത് ഫണ്ട് വകയിരുത്തിക്കൊണ്ടുള്ള പ്രോജക്ടുകൾ.

(vi) പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത് നിർദ്ദിഷ്ട ഫോറത്തിൽ അല്ലായെങ്കിൽ ശരിയായ ഫോറം ഉപയോഗിക്കുന്നതിനുള്ള ഭേദഗതി.

(vii) മുമ്പ് നിർമ്മാണം തുടങ്ങി പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണത്തിനു വേണ്ടിയുള്ള പ്രോജക്ടുകൾ. ഇനി നൽകേണ്ട ഗഡുക്കൾക്ക് ആനുപാതികമായി പുതിയ നിരക്കിൽ തുക നൽകാവുന്നതാണ്.

(viii) ഹരിത കേരള മിഷനുമായി ബന്ധപ്പെട്ട പുതിയ പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനത്തിന് ഏറ്റെടുക്കാവുന്നതാണ്. ഇതടക്കം സർക്കാർ നിർദ്ദേശിക്കുന്ന ഭേദഗതികൾ/ പ്രോജക്ടുകൾ ഉൾപ്പെടുത്താൻ അനുമതി നൽകാവുന്നതാണ്.

(ix) മേൽ പറഞ്ഞ ഭേദഗതികൾ സാധ്യമാക്കുന്നതിന് അനിവാര്യമായ മറ്റ് ഭേദഗതികളും ആകാവുന്നതാണ്. ഉദാഹരണത്തിന് ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ചത് പ്രകാരം ഒരു പ്രോജക്ടിന്റെ വിഹിതം വർദ്ധിപ്പിക്കേണ്ടതുണ്ടെങ്കിൽ മേഖലാ നിബന്ധനകൾക്കനുസൃതമായി അംഗീകാരം ലഭിച്ച പ്രോജക്ടുകൾ/ പ്രോജക്ടുകളിൽ നിന്ന് വിഹിതം കണ്ടെത്തി വകയിരുത്തേണ്ടതാണ്. അതുപോലെ സ്പിൽഓവർ പ്രോജക്ടുകൾ കൂട്ടിച്ചേർക്കുമ്പോൾ 2017–18 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്തി വകയിരുത്തണം.

   മുകളിൽ പറഞ്ഞ ഭേദഗതികൾ 15.09.2017–നു മുൻപ് പൂർത്തിയാക്കണം

2. പുതിയ മാർഗ്ഗരേഖപ്രകാരം തദ്ദേഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയ്ക്ക് ഡി.പി.സി അംഗീകാരം നൽകിയതിനുശേഷമാണ് പ്രോജക്ടുകൾ വെറ്റിംഗിനു നൽകേണ്ടത്. വാർഷിക പദ്ധതി ഭേദഗതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഡി.പി.സി അംഗീകാരത്തിനു നൽകുന്നുണ്ട്. ഇത്തരം പ്രോജക്ടുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വെറ്റുചെയ്തതിനുശേഷമാണ് ഡി.പി.സിക്ക് അംഗീകാരത്തിനു സമർപ്പിക്കേണ്ടത്. ഇതനുസരിച്ച് സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതാണ്.